## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3387 — 11.05.2017 -ൽ മറുപടിക്ക്

## വിനോദസഞ്ചാരമേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. സി.കെ. ശശീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) വിനോദ സഞ്ചാര മേഖലയിൽ നാലു ലക്ഷം പേർക്കു കൂടി പ്രത്യക്ഷ തൊഴിൽ ലഭ്യമാക്കുമെന്ന ലക്ഷ്യം നിറവേറ്റാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അറിയിക്കുമോ; | എ) വിദേശ ടൂറിസ്റ്റുകളുടെ വരവ് നിലവിലെ എണ്ണത്തിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചും ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് നിലവിലേതിനേക്കാൾ 50% വർദ്ധിപ്പിച്ചും വിനോദസഞ്ചാര മേഖലയിൽ നിലവിലെ 14 ലക്ഷം തൊഴിലവസരം 5 വർഷത്തിനുള്ളിൽ 4 ലക്ഷം കൂടി വർദ്ധനവ് വരുത്തുന്നതിനും ലക്ഷ്യമിടുന്നു. ഹോട്ടലുകളുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യമേഖല, മാനവ വിഭവശേഷി മേഖല എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങളിലൂടെ ടൂറിസം മേഖലകളുടെ വികസനവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുമെന്ന് കണക്കാക്കുന്നു.<br>ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനങ്ങളോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിടുന്നു. |

| | |
|---|---|
| ബി) പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾക്ക് സാധ്യമായിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) നിലവിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ഗതാഗത സൗകര്യമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വിപുലീകരണത്തിനായി നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കുമോ; | സി) ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം ഉദ്ദേശിച്ചുള്ളതാണ്. ടൂറിസം കേന്ദ്രങ്ങളിലെ ഗതാഗത സൗകര്യമടക്കമുള്ള അടിസ്ഥാന സൗകര്യ വികസനങ്ങളോടൊപ്പം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള സംവിധാനങ്ങൾ കൂടി ഉൾപ്പെടുന്നതാണ് ഈ പദ്ധതി. ശുചീകരണം, ടോയ് ലെറ്റ് സൗകര്യം, കുടിവെള്ളം, ഭക്ഷണ സൗകര്യം, വിശ്രമ സൗകര്യം, വിനോദങ്ങൾ എന്നിവയടക്കമുള്ള സൗകര്യങ്ങൾ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതിന് ഇതിൽ ലക്ഷ്യമിടുന്നു. |
| ഡി) പൈതൃക ഗ്രാമങ്ങൾ വികസിപ്പിച്ച് വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;എങ്കിൽ പുരോഗതി അറിയിക്കുമോ? | ഡി) ബാലരാമപുരം, മാന്നാർ, ആറൻമുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങൾ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. |

[signature]

സെക്ഷൻ ഓഫീസർ